**KERALA ELECTRICITY EMPLOYEES' CONFEDERATION**
**INTUC**
KEEC
(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P | Adv. SIBYKUTTY FRANCIS | NAZEER.M |
| | 9447083300 | 9447303578 | 9447241503 |

No. KEEC/GL/2024/71

തിരുവനന്തപുരം
27.08.2024

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

വിഷയം : വയനാട് പുനരുദ്ധാരണം - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് KSEB ലിമിറ്റഡ് ജീവനക്കാരുടെ ശമ്പളം സംഭാവന ചെയ്യുന്നത് സംബന്ധിച്ച് പുറത്തിറക്കിയ ഉത്തരവ് - അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച്.

സൂചന : (1) ബഹു.കേരള ഹൈക്കോടതി വിധിന്യായം OP (KAT) No.349/2018 തീയതി 9.10.2018

(2) KSEBL ഭരണവിഭാഗം സെക്രട്ടറിയുടെ പരിപത്രം നമ്പർ.PS1 (B) Rebuild Wayanad/2024, തീയതി 24.8.2024

(3) ഞങ്ങൾ നൽകിയ കത്ത് നമ്പർ KEEC/GL/2024/70 തീയതി 19.8.2024

(4) Additional Chief Secretary (Finance) യുടെ ഉത്തരവ് തീയതി 24.8.2024

(5) നം.39383/എഫ്എ3/2024/ഐ.എം.ജി, തീയതി 24.8.2024

ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സംഭാവന സ്വീകരിക്കുന്നത് സമ്മതപത്രംവഴി ആയിരിക്കണമെന്നും അത് വിസമ്മതപത്രം ആകരുതെന്നും ബഹു.കോടതി വിധികളിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ (സൂചന 1).

2018 ലെ പ്രളയ ദുരിതാശ്വാസവുമായി നടന്ന സാലറി ചലഞ്ചുമായി ബന്ധപ്പെട്ട വിധി ന്യായത്തിൽ പറഞ്ഞിരിക്കുന്നത് സമ്മതമില്ലാതെ ഒരു ജീവനക്കാരന്റെയും ശമ്പളത്തിൽ നിന്നും തുക പിടിക്കുവാൻ പാടില്ലായെന്നാണ്. സർക്കാർ ഉത്തരവിനും ബഹു.ഹൈക്കോടതി വിധി ന്യായത്തിനും കടക വിരുദ്ധമാണ് സൂചന 2 പരിപത്രം. വയനാട് പുനർനിർമ്മാണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ചുരുങ്ങിയത് ഒരു ദിവസത്തെ ശമ്പളം നല്കാൻ തയ്യാറാണെന്ന് ഞങ്ങളുടെ സംഘടന സൂചന 3 കത്തിലൂടെ അറിയിച്ചിരുന്നതാണ്. ആ സന്നദ്ധത ഒരിക്കൽക്കൂടി

ആവർത്തിക്കുന്നു. ആയതിനാൽ ശമ്പളം ജീവനക്കാരിൽ നിന്ന് പിരിച്ചെടുക്കുന്നുണ്ടെങ്കിൽ ആയതിന് ഓരോ ജീവനക്കാരന്റെയും വ്യക്തിപരമായ സമ്മതം രേഖാമൂലം വാങ്ങണമെന്നും പ്രസ്തുത സമ്മതമില്ലാതെ ഒരു ജീവനക്കാരന്റെയും ശമ്പളം പിരിച്ചെടുക്കരുതെന്നും അഭ്യർത്ഥിക്കുന്നു. ആയതിനാൽ സൂചന 2 ഉത്തരവിൽ KSEBL പ്രതിപാദിച്ചിരിക്കുന്നത് സമ്മതപത്രം കൊടുക്കാത്തവരിൽ നിന്നും സമ്മതമാണെന്ന നിഗമനത്തിൽ 5 ദിവസത്തെ ശമ്പളം പിടിക്കുമെന്നാണ്. ഇത് കോടതി വിധിക്കെതിരാണ്. സൂചന 2 ൽ വീണ്ടും പ്രതിപാദിച്ചിരിക്കുന്നത് 5 ദിവസത്തെ കൊടുക്കാൻ പറ്റില്ലാത്തവർ ARU ഹെഡിനെ അറിയിക്കണമെന്നാണ്. പരോക്ഷമായി ഇത് വിസമ്മതപത്രം ഏർപ്പെടുത്തുന്നതിന് തുല്യമാണ്. അതും നിയമവിരുദ്ധമാണ്. വിസമ്മതപത്രം നിലനിൽക്കില്ലായെന്ന് വിധിയിൽ പറയുന്നു. "സമ്മതപത്രം നൽകാത്ത ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കിഴിവ് വരുന്നതല്ല" എന്ന് ഗവൺമെന്റ് വ്യക്തത വരുത്തിയിരിക്കുന്നു (സൂചന 4). ഗവൺമെന്റ് ഉത്തരവിന് വിരുദ്ധമായി Institute of Management പുറത്തിറക്കിയ പരോക്ഷ വിസമ്മതപത്രം പരാമർശ ഉത്തരവ് അവർ തന്നെ റദ്ദ് ചെയ്തിരിക്കുന്നു (സൂചന 5). ആയതിനാൽ ബഹു.ഹൈക്കോടതി വിധിയും ഗവൺമെന്റ് ക്ലാരിഫിക്കേഷൻ ഉത്തരവും അനുസരിച്ച് ജീവനക്കാരുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ശമ്പളത്തിൽനിന്നും തുക പിരിച്ചെടുക്കേണ്ടതെന്നും അഭ്യർത്ഥിക്കുന്നു

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP<br>പ്രസിഡന്റ് | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്<br>വർക്കിംഗ് പ്രസിഡന്റ് | നസീർ.എം<br>ജനറൽ സെക്രട്ടറി |

KERALA ELECTRICITY EMPLOYEES' CONFEDERATION
Reg: No. 01-14/87
AFFI. No. 10485
INTUC

<u>ഉള്ളടക്കം</u> : **സൂചന 4 , സൂചന 5 ഉത്തരവുകൾ**

**Copy to:**

**The Chief Personnel Officer, KSEB Ltd, Vaidyuthy Bhavan, Pattom**

(അനുബന്ധം 4)

Dr.A.JAYATHILAK
ADDITIONAL CHIEF SECRETARY

Finance Department
Thiruvananthapuram 695 001
[illegible]
E-Mail: acsfinance@kerala.gov.in

**<u>CMDRF വയനാട് സാലറി ചലഞ്ചുമായി ബന്ധപ്പെട്ട
വാർത്തസംബന്ധിച്ച ധനകാര്യവകുപ്പിന്റെ വിശദീകരണം</u>**

സമ്മതപത്രം നൽകാത്ത ജിവനക്കാരുടെ ശമ്പളത്തിൽനിന്നും കിഴിവ് വരുത്തുന്നതല്ല

സമ്മതപത്രം നൽകാത്തവർക്കും പി.എഫ്.ലോൺ അപേക്ഷ നൽകുന്നതിന് സ്പാർക്കിൽ നിലവിൽ തടസ്സമൊന്നും ഇല്ല.

24.08.2024

Additional Chief Secretary
(Finance)

I&PRD

(സൂചന 5)

Website:www.img.kerala.gov.in
e-mail:imgtvpm@gmail.com
Telephone:0471- 2304229
Fax : 0471- 2302391

# INSTITUTE OF MANAGEMENT IN GOVERNMENT

*(An Autonomous Body Constituted by the Government of Kerala)*

Vikas Bhavan P.O.
Thiruvananthapuram – 695 033

നം. 39383/എഫ്എ3/2024/ഐ.എം.ജി. 24/08/2024

## നോട്ട്

സൂചന :- 21/08/2024 തീയതിയിലെ ഇതേ നമ്പർ കുറിപ്പ്.

സൂചന പ്രകാരം പുറപ്പെടുവിച്ച കുറിപ്പിൽ "നിശ്ചിത സമയപരിധിക്കുള്ളിൽ സമ്മതപത്രം നൽകാത്ത പക്ഷം സമ്മതമാണെന്ന് അനുമാനിക്കുന്നതാണ്" എന്ന് ചേർത്തിരുന്നു. ആയതിൽ ചില അവ്യക്തതകൾ/തെറ്റിദ്ധാരണകൾ നിലനില്ക്കുന്നുവെന്ന് അഭിപ്രായം ഉയർന്നുവന്ന സാഹചര്യത്തിൽ ആയത് പ്രസ്തുത കുറിപ്പിൽ നിന്നും നീക്കം ചെയ്യുതായി അറിയിക്കുന്നു.

ഒപ്പ്
ദിലീപ് കുമാർ ടി.ഐ.
സെക്രട്ടറി

പകർപ്പ്: എല്ലാ ജീവനക്കാർക്കും